# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം
### റാന്നിയിലെ വിദേശമദ്യ ഔട്ട് ലെറ്റ് ഷോപ്പ്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1054 — 05.02.2020-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| എ) ബിവറേജസ് കോർപ്പറേഷന്റെ റാന്നിയിലെ വിദേശമദ്യ ഔട്ട് ലെറ്റ് ഷോപ്പ് ഇട്ടിയപ്പാറ ടൗണിലേക്ക് മാറ്റിയതിനു ശേഷവും അതിനുമുൻപ് പ്രവർത്തിച്ചിരുന്നതുമായി താരതമ്യം ചെയ്താൽ ശരാശരി ദിവസവരുമാനം എത്രയാണ്; | എ) കോർപ്പറേഷന്റെ കീഴിൽ റാന്നി ടൗണിൽ പ്രവർത്തിച്ചിരുന്ന എഫ്.എൽ 1-3008 റാന്നി ഔട്ട് ലെറ്റ് ദൂരപരിധി സംബന്ധിച്ച സുപ്രീം കോടതിയുടെ വിധി പ്രകാരം ഉതിമൂടേയ്ക്ക് മാറ്റി സ്ഥാപിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിലെ പശ്ചാത്തലസൗകര്യക്കുറവു മൂലം റാന്നി ടൗണിൽ ഇട്ടിയപ്പാറയിൽ ശ്രീമാൻ തോമസ് എബ്രഹാമിന്റെ കെട്ടിടത്തിലേയ്ക്ക് 19.12.2019 മുതൽ ടി ഷോപ്പ് മാറ്റി സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഇപ്രകാരം മാറ്റി സ്ഥാപിച്ച 19.12.2019 മുതൽ 20.01.2020 വരെയുള്ള കാലയളവിലെ വിൽപ്പനയായ 447 ലക്ഷം രൂപ (ശരാശരി ദിവസ വിൽപ്പന 14.43 ലക്ഷം രൂപ) ഇതേ കാലയളവിൽ മുൻവർഷം ഉതിമൂട് പ്രവർത്തിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന 362 ലക്ഷം രൂപ (ശരാശരി ദിവസ വിൽപ്പന 12.06 ലക്ഷം രൂപ)വിൽപ്പനയേക്കാൾ 85 ലക്ഷം കൂടുതലാണ്. |
| ബി) ഈ ഷോപ്പിലേക്ക് അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ തസ്തിക ഇനം തിരിച്ച് വ്യക്തമാക്കാമോ; നിലവിൽ എത്ര ജീവനക്കാരാണ് ഇവിടെ ജോലിചെയ്യുന്നത് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | ബി) കെ.എസ്.ബി.സി. യിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടില്ലാത്തതിനാൽ വില്പനയുടെ അടിസ്ഥാനത്തിൽ ആവശ്യം കണക്കിലെടുത്താണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. നിലവിൽ എഫ്.എൽ.01-3008 റാന്നി ഔട്ട് ലെറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തികയും എണ്ണവും ചുവടെ ചേർക്കുന്നു.<br>1. അസിസ്റ്റന്റ് ഗ്രേഡ് II -2<br>2. ഓഫീസ് അറ്റൻഡന്റർ -1<br>3. അബ്കാരി വർക്കർ സി1- 2<br>4. അബ്കാരി വർക്കർ സി3- 1 |

| | | | |
|---|---|---|---|
| **സി)** | അവശേഷിക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | **സി) യും ഡി) യും** | കെ.എസ്.ബി.സി.യിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക്, ഇക്കാര്യത്തിൽ മേൽ നടപടികൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം സ്വീകരിക്കുന്നതാണ്. |
| **ഡി)** | നിലവിലുള്ള ജീവനക്കാരുടെ അധിക ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ ഇവിടെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| **ഇ)** | റാന്നി ഔട്ട് ലെറ്റിൽ സെൽഫ് സർവ്വീസ് പ്രീമിയം കൗണ്ടറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | **ഇ)** | റാന്നി ഔട്ട് ലെറ്റിൽ സെൽഫ് സർവ്വീസ് കൗണ്ടർ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായതിനാലും കൂടാതെ വിൽപ്പനസാധ്യതയും കണക്കിലെടുത്ത് ഈ ഔട്ട് ലെറ്റിൽ സെൽഫ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

Santhosh

**സെക്ഷൻ ഓഫീസർ**